## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2286 — 9/12/2014-ൽ മറുപടിക്ക്

# കല്ല്യാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി.രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസുകളിലും എത്ര ഉപഭോക്താക്കളാണുള്ളത്; | (എ) വിശദാംശം താഴെ ചേർക്കുന്നു,<br>കഞ്ഞിമംഗലം- 8470<br>മാതമംഗലം - 5912<br>പഴയങ്ങാടി - 20976<br>ധർമ്മശാല - 4225<br>മാടായി - 10981<br>പരിയാരം -400<br>ചെറുകുന്ന് - 15239 |
| (ബി) പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനു വേണ്ടി എത്ര ഗാർഹിക അപേക്ഷകൾ നിലവിലുണ്ട്; പ്രസ്തുത അപേക്ഷകർക്ക് എപ്പോഴേക്ക് കണക്ഷൻ ലഭ്യമാക്കാൻ കഴിയും; | (ബി) 05.12.2014ലെ കണക്ക് പ്രകാരം പ്രസ്തുത സെക്ഷനുകളിൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി 11 ഗാർഹിക അപേക്ഷകൾ നിലവിലുണ്ട്. ടി കണക്ഷനുകൾ 10 ദിവസത്തിനു ള്ളിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. |
| (സി) അപേക്ഷ നൽകി എത്ര ദിവസ ത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ കഴിയും; | (സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ പൂർണമായ അപേക്ഷ ലഭിച്ച് 7 ദിവസപരിധിക്കുള്ളിൽ സ്ഥല പരിശോ ധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, 30 ദിവസപരിധിക്കുള്ളിൽ വെതർ പ്രൂഫ് കണക്ഷനു കളും, 1 കി.മീറ്റർവരെയുള്ള ഓവർ ഹെഡ് ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ 45 ദിവസങ്ങൾക്കുള്ളിലും പിന്നീടുള്ള ഓരോ കിലോ മീറ്ററിനും 15 ദിവസം വീതവും വരെയുള്ള സമയപരിധി ക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകി വരുന്നു. |

(....2)

| | |
|---|---|
| (ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷൻ ഓഫിസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) 25,000 – ൽ കൂടുതൽ ഉപഭോക്താക്കൾ/50 ചതുരശ്ര കിലോമീറ്റർ അഥവാ 20,000–ൽ കൂടുതൽ ഉപഭോക്താക്കൾ / 100 ചതുരശ്ര കിലോ മീറ്റർ എന്നതിൽ കൂടുതൽ ഉപഭോക്താക്കൾ / വിസ്തൃതി ഉള്ള സെക്ഷനുകളാണ് ഇപ്പോൾ വിഭജനത്തിനായി പരിഗണിച്ച് വരുന്നത്. പഴയങ്ങാടി, മാതമംഗലം, പയ്യന്നൂർ, പരിയാരം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ മേൽസൂചിപ്പിച്ച മാനദണ്ഡത്തിൽ ഉൾപ്പെടുന്നതല്ല. ആയതിനാൽ പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് പിലാത്തറ കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**